LIBRARY ARCHIVES Kerala Legislative Assembly

ലോ ഫ്ലോർ ബസ്സുകൾ

314 (318) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷം എത്ര ലോ ഫ്ലോർ ബസ്സുകൾ അനുവദിച്ചിട്ടുണ്ടെന്നും, ഇതിൽ എത്ര ബസ്സുകളാണ് കാസർഗോഡ് ജില്ലയിൽ അനുവദിച്ചതെന്നും വ്യക്തമാക്കാമോ ;

(ബി) എത്ര ലോ ഫ്ലോർ ബസ്സുകൾ ഇപ്പോൾ നഷ്ടമില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ വർഷം സംസ്ഥാനത്ത് 64 ലോ ഫ്ലോർ ബസ്സുകളും, 22 നോൺ എ.സി സെമി ലോ ഫ്ലോർ ബസ്സുകളും അനുവദിച്ചിട്ടുണ്ട്. ഇതിൽ അഞ്ച് നോൺ എ.സി ബസ്സുകൾ കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) 52 എ.സി. ലോ ഫ്ലോർ ബസുകൾ ഇപ്പോൾ ലാഭകരമായി സർവ്വീസ് നടത്തുന്നുണ്ട്.

കെ.എസ്.ആർ.ടി.സി. യുടെ പ്രതിമാസ നഷ്ടം

315 (319) ശ്രീമതി പി. അയിഷാ പോറ്റി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ പ്രതിമാസ നഷ്ടം എത്ര രൂപയാണ് ;

(ബി) കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് അവസാനമായി പെൻഷൻ നൽകിയത് എന്നാണ് ;

(സി) എത്രമാസത്തെ പെൻഷൻ തുക കുടിശ്ശിക ആയി നൽകാനുണ്ട് ;

(ഡി) പെൻഷൻ സമയബന്ധിതമായി ലഭിക്കാത്തതുമൂലം ആത്മഹത്യ ചെയ്തവരുടെ എണ്ണം എത്രയാണ് ;

(ഇ) കെ.എസ്.ആർ.ടി.സി.-യിൽ സമയബന്ധിതമായി പെൻഷൻ വിതരണം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ പ്രതിമാസ വരവ് ചെലവ് അന്തരം 107 കോടി രൂപയാണ്.

(ബി) 14-5-2015-ലാണ് കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ അവസാനമായി വിതരണം ചെയ്തത്.

(സി) 2015 ഏപ്രിൽ മാസം മുതൽ ജൂൺ മാസം വരെയുള്ള പെൻഷൻ തുക പൂർണ്ണമായും കുടിശ്ശികയാണ്. 15,000 രൂപയ്ക്ക് മുകളിൽ പെൻഷനുള്ള പെൻഷൻകാർക്ക് ശേഷിക്കുന്ന തുക 2014 ഒക്ടോബർ മാസം മുതൽ 2015 മാർച്ച് മാസം വരെ വിതരണം ചെയ്യാനുണ്ട്.

(ഡി) പെൻഷൻ സമയബന്ധിതമായി ലഭിക്കാത്തതുമൂലം ഇത്തരം സംഭവങ്ങളുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കെ.എസ്.ആർ.ടി.സി.-യിൽ 2015 ഏപ്രിൽ മാസം മുതൽ പെൻഷൻ കൃത്യമായി നൽകുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കാൻ തീരുമാനിച്ചിരുന്നു. ഇതിനായി ഓരോ മാസവും കെ.എസ്.ആർ.ടി.സി. ട്രഷറിയിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് ആനുപാതികമായ തുക Non Plan വിഹിതമായി (പരമാവധി 20 കോടി രൂപ) സർക്കാർ നൽകുവാനും തീരുമാനിച്ചിരുന്നു. ഇതിൻപ്രകാരം ഏപ്രിൽ മാസം കെ.എസ്.ആർ.ടി.സി. ട്രഷറിയിൽ നിക്ഷേപിച്ച 14.40 കോടി രൂപയ്ക്ക് തുല്യമായ വിഹിതം കൂടി ഉൾപ്പെടുത്തി ആകെ 28.80 കോടി രൂപ കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകിയിട്ടുണ്ട്. ടി തുക വിനിയോഗിച്ച് 2014 ഡിസംബർ മാസത്തെ പെൻഷൻ തുക (15,000 രൂപ വരെയുള്ളത്) വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ പെൻഷൻ ഫണ്ട് രൂപീകരിച്ചതുവഴി 2015-16 സാമ്പത്തിക വർഷം മുതൽ പെൻഷൻ മുടങ്ങാതെ വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ യൂണിഫോം പരിഷ്കരണം

316 (320) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാരുടെ യൂണിഫോം പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) യൂണിഫോം പരിഷ്കരണം എന്ന് മുതൽ നടപ്പിലാക്കാനാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) യൂണിഫോം അലവൻസ് തൊഴിലാളികൾക്ക് ലഭ്യമായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് ലഭ്യമാക്കുമെന്ന് അറിയിക്കുമോ ;

(ഡി) യൂണിഫോം പരിഷ്കരണംമൂലം കെ.എസ്.ആർ.ടി.സി.-യ്ക്ക് എത്ര രൂപയുടെ അധിക ബാദ്ധ്യത ഉണ്ടാകുമെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly